DESPATCHED
on 01/3/23



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 2118(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16815/SIC-Gen4/2022**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 27**

ശ്രീ. കെ.പി. വർഗ്ഗീസ്,
കോനൂപറമ്പൻ വീട്,
കൂവ്വക്കാട്ട്കുന്ന് പി.ഒ.,
ചാലക്കുടി താലൂക്ക്, തൃശ്ശൂർ - 680 311.. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ് കിഴക്കുംമുറി,
ചാലക്കുടി താലൂക്ക്, തൃശ്ശൂർ 680 308.
2. അപ്പീൽ അധികാരി &
തഹസിൽദാർ (എൽ.ആർ),
താലൂക്ക് ഓഫീസ് ചാലക്കുടി,
തൃശ്ശൂർ..

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.7.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 3.8.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 11.8.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.9.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 3.11.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 5.11.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.12.2022 |

## ഉത്തരവ്

ഹർജിക്കാരനായ ശ്രീ. കെ.പി. വർഗീസ് 4.7.2022 തീയതി വച്ച് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് 17 വ്യക്തികളുടെ വ്യത്യസ്ത സർവ്വെ നമ്പറുകളിൽപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം എത്ര എന്നും നികുതി അടച്ച രസീതിന്റെ പകർപ്പടക്കം സാക്ഷ്യപ്പെടുത്തി നൽകണമെന്നുമാണ്.

2. ഹർജിക്കാരന് ആർ.ടി.ഐ ആക്ട് പ്രകാരം കിഴക്കമ്പലം വില്ലേജ് ഓഫീസർ 3.8.2022-ന് നൽകിയ മറുപടിയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട 17 വ്യക്തികളുടെ വിവരങ്ങളിൽ 8, 15, 16 എന്നി നമ്പരുകളിലായി ആവശ്യപ്പെട്ട വിവരങ്ങൾ ഒഴികെയുള്ള വിവരങ്ങളെ സംബന്ധിച്ച് ലഭ്യമായ റിക്കാർഡുകൾ പരിശോധിച്ചതിൽ നിന്നും ലഭ്യമായിട്ടില്ലെന്നും 30000-ത്തിനുമേൽ കൈവശക്കാരുള്ള ടി വില്ലേജിലെ നിലവിലുള്ള 133 രജിസ്റ്ററുകൾ പരിശോധിച്ച് വിവരം ശേഖരിക്കുന്നതിന് മതിയായ ജീവനക്കാരില്ലാത്തതും ആയത് ഈ ഓഫീസിലെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാലും പരാതിക്കാരനോ, പരാതിക്കാരൻ രേഖാമൂലം നിർദ്ദേശിക്കുന്ന ഏജന്റിനോ ഓഫീസ് പ്രവർത്തന സമയത്ത് നിയമാനുസൃത പ്രകാരമുള്ള സമയക്രമത്തിന് നിയമാനുസൃത ഫീസ് ഒടുക്കി വിവരം ശേഖരിക്കാവുന്നതാണെന്നാണ്. എന്നാൽ ഹർജിക്കാരൻ 11.8.2022-ന് നൽകിയ അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചിരിക്കുന്നത് ടിയാന് കിഴക്കുമുറി വില്ലേജ് ഓഫീസർ നൽകിയ മറുപടി ലഭ്യമായിട്ടില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നുമാണ്.

3) മേൽ വിഷയത്തിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രീ. കെ.പി. വർഗ്ഗീസ് 4.7.2022-ാം തീയതിയിൽ സമർപ്പിച്ച അപേക്ഷ 6.7.2022-ാം തീയതി എതിർകക്ഷി ഓഫീസിൽ കൈപ്പറ്റിയിട്ടുള്ളതാണെന്നും പ്രസ്തുത അപേക്ഷയിൽ 17 വിവിധ വ്യക്തികളുടെ വ്യത്യസ്ത സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണവും ഭൂനികുതി രസീതിന്റെ പകർപ്പുമാണ് ആവശ്യപ്പെട്ടിരുന്നത് എന്നും പ്രസ്തുത അപേക്ഷക്ക് 3.8.2022-ന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. എന്നാൽ മേൽപ്പടി മറുപടി ലഭിച്ചില്ലെന്ന് പരാതിപ്പെട്ട് ഒന്നാം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് വിവരങ്ങൾ നൽകാൻ നിർദ്ദേശിച്ച് രണ്ടാം എതിർകക്ഷി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 3.8.2022-ലെ കത്തിന്റെ പകർപ്പ് 20.9.2022-ാം തീയതി വീണ്ടും അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ കിഴക്കുമുറി വില്ലേജിലെ ഏകദേശം ഇരുപതിനായിരത്തോളം ഭൂവുടമകൾ നികുതി ഒടുക്കി വരുന്നതിൽ ഉൾപ്പെട്ട പതിനേഴ് പേരുടെ ഭൂമിയുടെ വിസ്തൃതിയും നികുതി രസീതിന്റെ പകർപ്പുമാണെന്നും ടി വിവരങ്ങൾ വില്ലേജ് ഓഫീസിന്റെ ഏതെങ്കിലും റിക്കാർഡുകളിൽ ക്രോഡീകരിച്ച് സൂക്ഷിച്ച് വരുന്നതല്ലാത്തതും നിരവധി രേഖകളിൽ ഉൾപ്പെട്ട് കിടക്കുന്നതും ആയത് സമാഹരിച്ച് ക്രോഡീകരിക്കുന്നതിന് ഓഫീസിന്റെ മുഴുവൻ പ്രവർത്തനങ്ങളും ആഴ്ചകളോളം വിനിയോഗിക്കേണ്ടിവരുമെന്നാണ്. അപ്പീൽ ഹർജിക്കാരൻ ഉന്നയിക്കുന്ന

മറ്റ് ആരോപണങ്ങൾ ടി ഓഫീസുമായി ബന്ധപ്പെടാത്തതും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്തതുമാണെന്നുമാണ്.

4) അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും ചേർത്ത് പരിശോധിക്കുമ്പോൾ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമായവ നൽകിയതായി ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരന് മറുപടി ലഭിച്ചിട്ടില്ല എന്ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ഹർജിക്കാരനുള്ള മറുപടി ഒരു ദൂതൻ മുഖേന ടിയാന് നൽകാവുന്നതും, ടിയാൻ ആവശ്യപ്പെടുന്നപക്ഷം വസ്തുതകൾ നേരിൽക്കണ്ട് ബോധ്യമാകുന്നതിന് രേഖകൾ നേരിട്ട് പരിശോധിക്കാനുള്ള അവസരം അനുവദിക്കാനും എതിർകക്ഷികളോട് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി 27–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk